05/01/22

01/12/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No.2161(5)/19/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 15681/SIC-G7/2019**

**ഉത്തരവ് തീയതി : 01.12.2021**

സന്നിഹിത
ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. സെബാസ്റ്റ്യൻ. പി.ഒ,**
**പുത്തൂർ ഹൗസ്,**
**തോളൂർ പി.ഒ,**
**പറപ്പൂർ, തൃശ്ശൂർ – 680 552.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**റീജ്യയണൽ ട്രാൻസ്പോർട്ട് ഓഫീസർ,**
**തൃശ്ശൂർ.**

**അപ്പീൽഅധികാരി,**
**റീജ്യയണൽ ട്രാൻസ്പോർട്ട് ഓഫീസർ,**
**തൃശ്ശൂർ.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 09.07.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 07.08.2019 |
| ഒന്നാംഅപ്പീൽ | 13.08.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 18.09.2019 |
| രണ്ടാംഅപ്പീൽ | 28.09.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 13.10.2021, (ഓൺലൈൻ ഹിയറിംഗ്) |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, തൃശ്ശൂർ പറപ്പൂർ–ചാവക്കാട് ഗുരുവായൂർ ബസ്സ് റൂട്ടിലെ ഫെയർ സ്റ്റേജുകൾ ഏതെല്ലാം, ടി ഫെയർ സ്റ്റേജുകൾ നടപ്പിലാക്കിയ ഏറ്റവും ഒടുവിലത്തെ വർഷം ഏത്, ഏതെങ്കിലും കാരണത്താൽ ടി റൂട്ടിൽ ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയിച്ചിട്ടുണ്ടോ അത് യാത്രക്കാരുടെ അറിവോടെയാണോ എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. [illegible] എതിർകക്ഷികളിൽ നിന്ന് [illegible] മാകാത്തതിനാൽ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, കേരളത്തിന് മുഴുവൻ ബാധകമായ ബസ് റൂട്ടുകളിലെ ഫെയർസ്റ്റേജുകൾ അവസാനമായി നിർണ്ണയിച്ച് നടപ്പിലാക്കിയത് 1973ലാണ് എന്നും തുടർന്ന് ഗസറ്റ് നോട്ടിഫിക്കേഷനും വന്നിരുന്നു എന്നും അന്ന് ഫെയർസ്റ്റേജ് നിർണ്ണയിക്കുന്നതിനു മുമ്പ് തന്നെ യാത്രക്കാരുടെ സംഘടനകളെയും ബസ് ഓപ്പറേറ്റർമാരേയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങളും പരാതികളും കേട്ട് പരിഹരിച്ചശേഷമാണ് സർക്കാർ മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഫെയറിന്റെ അടിസ്ഥാനത്തിൽ ഫെയർ സ്റ്റേജുകൾ നിശ്ചയിച്ച് നടപ്പിലാക്കിയത് എന്നും തൃശ്ശൂർ -പറപ്പൂർ- ചാവക്കാട്-ഗുരുവായൂർ ബസ് റൂട്ടിൽ 1973 ന് ശേഷം രണ്ട് ഫെയർസ്റ്റേജുകൾ ബസ് ഓപ്പറേറ്റേഴ്സ് യൂണിയനുമായി ഫെയർ ഹൈക്ക് വന്നപ്പോൾ കൂട്ടിച്ചേർക്കുകയാണുണ്ടായതെന്നും ആയതിന് ബന്ധപ്പെട്ട അതോറിറ്റികളിൽ നിന്ന് ഔദ്യോഗിക അംഗീകാരമോ പ്രഖ്യാപനമോ നാളിതുവരെ ഉണ്ടായിട്ടില്ലെന്നും ഫെയർ സ്റ്റേജുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ടി രേഖയുടെ നമ്പറും തീയതിയും നടപ്പിൽ വരുത്തിയ തീയതിയും അറിയിക്കണം എന്നും അങ്ങനെ ഇന്നേവരെ ഉണ്ടായില്ല എന്നും 1973 ൽ നിലവിൽവന്ന ഫെയർ സ്റ്റേജിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവ് നമ്പറും ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും തീയതിയും ലഭ്യമാക്കണമെന്നുമാണ്.

4. ടി അപേക്ഷയുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ നൽകിയ മൊഴിയിൽ അറിയിക്കുന്നത്, തൃശ്ശൂർ-പറപ്പൂർ-ചാവക്കാട്, ഗുരുവായൂർ ബസ് റൂട്ടിലെ ഫെയർ സ്റ്റേജുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ടി ഓഫീസിൽ ലഭ്യമായ ഫയലിൽ നിന്നും ലഭിച്ച രേഖകളും മറുപടിയും നൽകിയിരുന്നു എന്നും ടിയാൻ ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലും ജില്ലാ കളക്ടറുടെ കെ.5-35394/11 നമ്പർ കേസിന്റെ ഉത്തരവ് അനുസരിച്ചും സംയുക്ത അന്വേഷണം നടത്തി 02.02.2012 ൽ നടന്ന ആർ.ടി.എ യോഗം മേൽ വിഷയം പരിഗണിക്കുകയുണ്ടായി എന്നും നിലവിലുള്ള ഫെയർ സ്റ്റേജുകളിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല എന്നതായിരുന്നു യോഗ തീരുമാനം എന്നും തുടർന്ന് ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ ആർ.ടിഎ യോഗതീരുമാനത്തിൽ ഇടപെട്ടിട്ടില്ലാത്തതുമാണെന്നും ടി തീരുമാനം തെറ്റാണെന്നോ പുന:പരിശോധിക്കണമെന്നോ ബഹു. ഹൈക്കോടതി ഉത്തരവിൽ പരാമർശിക്കുന്നില്ല എന്നും തുടർന്ന് 02.07.2017 ൽ നടന്ന ആർ.ടി.എ യോഗത്തിലും ഫെയർ സ്റ്റേജുകൾ പുന:നിർണ്ണയം ചെയ്യേണ്ട സാഹചര്യം ഇല്ലെന്ന് തീരുമാനിക്കുകയും ഉണ്ടായി എന്നും മറ്റുമാണ്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അവ്യക്തതയുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. അപേക്ഷകൻ പ്രധാന മായും ആവശ്യപ്പെട്ടിരുന്നത് തൃശ്ശൂർ- പറപ്പൂർ-ചാവക്കാട്, ഗുരുവായൂർ ബസ് റൂട്ടു മായി ബന്ധപ്പെട്ട വിവരമാണ്. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ മായും നൽകാൻ കഴിയില്ലെങ്കിലും ഭാഗികമായ വിവരം നൽകാവുന്നതായിരുന്നു. ഇതേ ആവശ്യവുമായി ബന്ധപ്പെട്ട് മറ്റൊരു അപ്പീൽ ഹർജിയിൻമേൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അതിലും ഇതേ ബസ്റൂട്ടുമായി ബന്ധപ്പെട്ട വിഷയമായിരുന്നു. അപേക്ഷകന് വ്യക്തമായ വിവരം ഒന്നും രണ്ടും എതിർകക്ഷി കളിൽ നിന്ന് ലഭിക്കാത്തതിനാലാണ് നിരന്തരം അപ്പീലുകൾ സമർപ്പിക്കാൻ ഇടയാ കുന്നത്. അപ്പീൽഹർജിക്കാരന്റെ മൊഴിയും ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടികളും പരിശോധിക്കുമ്പോൾ പൂർണ്ണമായ വിവരം എസ്.പി.ഐ.ഒയ്ക്ക് നൽകാൻ കഴിയില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു.

6. മേൽ സാഹചര്യത്തിൽ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ലഭ്യമാക്കാവുന്ന വിവരം/പകർപ്പ് വിശദമായി അക്കമിട്ട് നൽകേണ്ടതും ടി ഓഫീസിൽ ലഭ്യമല്ലാത്ത വിവരം ആയത് നൽകാൻ കഴിയുന്ന ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ശേഖരിച്ച് നൽകാനും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്.

7. അപ്പീൽഹർജിക്കാരൻ ആവശ്യപ്പെടുന്നത് പരാതി പരിഹാരമാണ്. പരാതിപരിഹാരം കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല എങ്കിലും ടിയാൻ ആവശ്യപ്പെടുന്ന വിഷയം പൊതു താല്പര്യവുമായി ബന്ധപ്പെട്ടതാകയാൽ അടിയന്തിര പ്രധാന്യം നൽകി നടപടികൾ സ്വീകരിക്കാൻ എതിർകക്ഷികൾ ശ്രമിക്കേണ്ടതാണ്.

8. **ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 1 -ാം തീയതി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി